# ശ്രീ മന്ന: N P K മൂലക ഉപയോഗശേഷിയുള്ള മരച്ചീനി ഇനം

ഈ സ്ഥാപനത്തിലെ ജനിതക ശേഖരത്തിൽ നിന്നുള്ള 7 III E 3-5 എന്ന ഇനമാണ് NPK പോഷക മൂലക ഉപയോഗശേഷി അടിസ്ഥാനമാക്കി 8 വർഷത്തോളം നടത്തിയ ഗവേഷണങ്ങൾക്കൊടുവിൽ 'ശ്രീ മന്ന' എന്ന പേരിൽ പുറത്തിറക്കിയത്.

- കാലദൈർഘ്യം 9 മുതൽ 10 മാസം വരെയാണ്.
- NPK ശുപാർശയുടെ 25 ശതമാനം വളപ്രയോഗത്തിലൂടെ 40 മുതൽ 50 ടൺ വരെ ഹെക്ടറിന് വിളവ് തരുന്നു. അതായത് ഒരു ചെടിക്ക് ശുപാർശ പ്രകാരം യഥാക്രമം 18, 21, 14 ഗ്രാം യൂറിയ, റോക്ക് ഫോസ്ഫേറ്റ്, മുറിയേറ്റ് ഓഫ് പൊട്ടാഷ് നൽകേണ്ട സ്ഥാനത്തു അതിന്റെ നാലിലൊന്നു അളവായ മേല്പറഞ്ഞ വളങ്ങൾ യഥാക്രമം 4.5, 5.0, 3.5 ഗ്രാം നൽകിയാൽ മതിയാകും. അതായത് ഹെക്ടറിന് യഥാക്രമം 56, 62, 44 കി.ഗ്രാം യൂറിയ, റോക്ക് ഫോസ്ഫേറ്റ് (രാജ്‌ഫോസ് /മസൂറിഫോസ്), മുറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ നൽകണം.
- നല്ല പാചകഗുണമുള്ളതും, വേവുന്നതും കഴിക്കാൻ ഉത്തമവുമാണ്.
- ഇവയുടെ കിഴങ്ങിന്റെ മാംസം വെള്ള നിറത്തിലും, തോട് നല്ല പിങ്ക് നിറത്തിലും ആയതിനാൽ കേരളത്തിലെ വിപണികളിൽ ഈ ഇനങ്ങൾക്ക് സ്വീകാര്യത നേടാൻ സാധിക്കും.
- കിഴങ്ങുകൾ സിലിണ്ടർ ആകൃതിയിലുള്ളതും ഏകദേശം 50 സെ.മീ വരെ നീളമുള്ളതുമാണ്.
- ഇവയുടെ തൊലി കറുത്ത ബ്രൗൺ നിറത്തിലുള്ളതും എളുപ്പം നീക്കം ചെയ്യാൻ സാധിക്കുന്നതുമാണ്.
- കിഴങ്ങിലെ കട്ടിന്റെ അളവ് (50 മുതൽ 75 ppm) കുറവായതിനാൽ ഇവ മധുരമുള്ള മരച്ചീനി ഇനത്തിൽ ഉൾപ്പെടുന്നു.
- അന്നജം കിഴങ്ങിൽ സാധാരണ തോതിൽ (20 -25 %) കാണുന്നു.
- ഇവയുടെ ചെടികൾ 1.5 മുതൽ 2 മീറ്റർ വരെ പൊക്കത്തിൽ രണ്ടു ശിഖരങ്ങളായി വളരുന്നവയും ചെടിയുടെ ഏകദേശം മുക്കാൽ പൊക്കത്തോളം വരുമ്പോൾ ശിഖരങ്ങളിൽ നിന്നും വീണ്ടും ശിഖരങ്ങൾ പൊട്ടുന്നവയുമാണ്.
- ഇവയുടെ കമ്പുകൾ കറുത്ത ചാര നിറമുള്ളതും മുട്ടുകൾ സാധാരണ അകലത്തിൽ ഉള്ളതുമാണ്.

- വളരെ കനം കുറഞ്ഞ ഇലകൾ ഇളം പച്ചനിറമുള്ളതും ഇലത്തണ്ടുകൾ ഇളം പച്ചനിറത്തിൽ ചെറിയ ചുവപ്പ് നിറം അഗ്രത്തിലുള്ളതുമാണ്.
- മൊസൈക് രോഗത്തിനെതിരായി സഹന ശേഷിയുള്ളവയാണ്.
- കിഴങ്ങുകൾ മൂന്നു ദിവസം വരെ കേടു കൂടാതെ സൂക്ഷിക്കാൻ സാധിക്കും.



ശ്രീ മന്ന: ചെടിയുടെ വളർച്ച രീതി



കിഴങ്ങിന്റെ ആകൃതി



കിഴങ്ങിന്റെ മാംസ ഭാഗം




25 ശതമാനം NPK ഉപയോഗത്തിലെ വിളവ്

ഏപ്രിൽ 2025

ടെക്നിക്കൽ ലീഫ് ലെറ്റ്: TL-11/2025

**ശ്രീ മന്ന : N P K മൂലക ഉപയോഗശേഷിയുള്ള മരച്ചീനി ഇനം**

കെ. സൂസൻ ജോൺ, എം.എൻ. ഷീല, സി. വിശാലാക്ഷി ചന്ദ്ര, ജെ. ശ്രീകുമാർ,
എസ്.ജെ. മോറെ, എ.എൻ. ജ്യോതി, ബി. സതീശൻ

പ്രസിദ്ധീകരിച്ചത്
ഡയറക്ടർ
ജി. ബൈജു

भाकृअनुप - केन्द्रीय कन्द फसल अनुसंधान संस्थान
(भारतीय कृषि अनुसंधान परिषद)
श्रीकार्यम, तिरूवनन्तपुरम 695 017, केरल, भारत
ICAR-Central Tuber Crops Research Institute
(Indian Council of Agricultural Research)
Sreekariyam, Thiruvananthapuram 695 017, Kerala, India
Tel. No. : 91 (471)-2598551 to 2598554; E-mail: director.ctcri@icar.gov.in, Website: https://www.ctcri.org